ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 07.11.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഭീകരതയ്ക്കെതിരെ പോരാടുന്നതിനായി ദേശീയ ഭീകരവിരുദ്ധ നയം ഉടൻ രൂപികരിക്കുമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ.

   Union Home Minister Amit Shah has said that a National Anti-Terrorism Policy will soon be formulated to fight terrorism.

2. വ്യാപാരവും നിക്ഷേപവുമാണ് ഇന്ത്യ- ഓസ്ട്രേലിയ സമഗ്ര തന്ത്രപര പങ്കാളിത്തത്തിൻ്റെ പ്രധാന ചാലകശക്തിയെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ.

   External Affairs Minister S Jaishankar said that trade and investment are the main driving forces of the India-Australia Comprehensive Strategic Partnership.

3. സർക്കാർ ജോലികളിൽ നിയമന നടപടി പുരോഗമിക്കുന്നതിനിടെ മുൻ നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങളിൽ മാറ്റം വരുത്താനാകില്ലെന്ന് സുപ്രീം കോടതി.

   The Supreme Court today held that recruitment rules for appointments in government jobs cannot be changed midway unless it is prescribed.

4. മാധ്യമങ്ങളുടെ സ്വാതന്ത്ര്യം നിയന്ത്രിക്കാനാവില്ലെന്ന് കേരള ഹൈക്കോടതി. മാധ്യമപ്രവർത്തനത്തിന് മാർഗനിർദേശം വേണമെന്ന ആവശ്യം കോടതി തള്ളി .

Kerala High Court says freedom of media cannot be controlled. The court rejected the demand for guidelines for media work.

5. മതിയായ സുരക്ഷ ലഭിക്കാത്തതിനെ തുടർന്ന് കാനഡയിലെ ടൊറൻ്റോയിൽ ഇന്ത്യൻ പൗരന്മാർക്കായുള്ള കോൺസുലാർ ക്യാമ്പുകൾ റദ്ദാക്കിയതായി വിദേശകാര്യ മന്ത്രാലയം.

The Ministry of External Affairs has said that consular camps for Indian citizens in Toronto, Canada have been canceled due to insufficient security.

6. കേരള സ്കൂൾ കായികമേളയിൽ 'ഗെയിംസിലും അക്വാട്ടിക്സിലും കുതിപ്പ് തുടർന്ന് തിരുവനന്തപുരം ജില്ല . അത്ലറ്റിക്സിൽ പാലക്കാട് മുന്നിൽ.

In Kerala School Sports Meet, Thiruvananthapuram District maintains lead in 'Games and Aquatics'. Palakkad leads in athletics.

&&&&&&&&&&&&&&&&&&

## PREZ-GOA-EARLY

ഗോവയിൽ സന്ദർശനത്തിനെത്തിയ രാഷ്ട്രപതി ദ്രൗപതി മുർമുവിന് ഊഷ്മള വരവേൽപ്. നേവൽ എയർ സ്റ്റേഷനായ ഐഎൻഎസ് ഹൻസയിൽ രാഷ്ട്രപതി ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചു. നാവിക സേനയുടെ Day at Sea പരിപാടി വീക്ഷിക്കുന്നതിനായാണ് ശ്രീമതി മുർമു ഗോവയിലെത്തിയത്. INS വിക്രാന്തിൽ നിന്നുള്ള നാവിക സേനയുടെ പ്രകടനവും ഇതോടനുബന്ധിച്ച് നടക്കും.

&&&&&&&&&&&&&&&&&&

## Anti-Terror Conference - AMIT SHA(intro)

രാജ്യത്ത് നിന്ന് ഭീകരവാദം തുടച്ചുനീക്കുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ. ഭീകരതയ്ക്കെതിരെ പോരാടുന്നതിന് ദേശീയ ഭീകരവിരുദ്ധ നയം ഉടൻ അവതരിപ്പിക്കുമെന്നും ശ്രീ ഷാ പ്രഖ്യാപിച്ചു. ന്യൂഡൽഹിയിൽ ദേശീയ അന്വേഷണ ഏജൻസി സംഘടിപ്പിച്ച ദ്വിദിന ഭീകരവിരുദ്ധ സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭീകരതയ്ക്കെതിരെ പോരാടുന്നതിന് കഴിഞ്ഞ പത്ത് വർഷത്തിനിടെ രാജ്യത്ത് ശക്തമായ ഒരു ആവാസവ്യവസ്ഥ വികസിപ്പിച്ചെടുത്തിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. (ഹോൾഡ്)

രാജ്യത്തിൻ്റെ സുരക്ഷയ്ക്കായി ജീവൻ ബലിയർപ്പിച്ച 36,468 പോലീസ് ഉദ്യോഗസ്ഥർക്ക് അദ്ദേഹം ആദരാഞ്ജലികൾ അർപ്പിച്ചു.

&&&&&&&&&&&&&&&&&&&&

## SC-RECRUITMENT RULES

സർക്കാർ ജോലികളിൽ നിയമന നടപടി പുരോഗമിക്കുന്നതിനിടെ മുൻ നിശ്ചയിച്ചിട്ടുള്ള ചട്ടങ്ങളിൽ മാറ്റം വരുത്താനാകില്ലെന്ന് സുപ്രീം കോടതി. ചട്ടങ്ങൾ ഏകപക്ഷീയമായിരിക്കരുതെന്നും ഭരണഘടനയുടെ

അനുച്ഛേദം 14 അനുസരിച്ചുള്ളതായിരിക്കണമെന്നും ചീഫ് ജസ്റ്റിസ് ഡി വൈ ചന്ദ്രചൂഡ് അധ്യക്ഷനായ അഞ്ചംഗ ബെഞ്ച് വ്യക്തമാക്കി. പൊതു നിയമന പ്രക്രിയ സുതാര്യവും വിവേചന രഹിതവുമായിരിക്കണമെന്നും ചട്ടങ്ങളിൽ പാതിവഴിയിൽ മാറ്റം വരുത്തി ഉദ്യോഗാർത്ഥികളെ ആശങ്കപ്പെടുത്തരുതെന്നും സുപ്രീം കോടതി നിർദ്ദേശിച്ചു.

&&&&&&&&&&&&&&&&&&

**JAISHANKAR AUSTRALIA (intro)**

ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള വ്യാപാര - നിക്ഷേപക ബന്ധം ഇരുരാജ്യങ്ങൾക്കുമിടയിലെ സമഗ്ര തന്ത്രപര പങ്കാളിത്തത്തിൻ്റെ പ്രധാന ചാലകശക്തിയാണെന്ന് വിദേശകാര്യ മന്ത്രി എസ് ജയശങ്കർ. സിഇഒമാരും ബിസിനസ് മേധാവികളുമായും ഇന്ന് സിഡ്നിയിൽ നടത്തിയ കൂടിക്കാഴ്ചയിലാണ് അദ്ദേഹം ഇക്കാര്യം വ്യക്തമാക്കിയത്. അടിസ്ഥാനസൗകര്യം , നിർമാണം ഉൾപ്പെടെയുള്ള മേഖലകളിലെ രാജ്യത്തിൻ്റെ പരിവർത്തനവും അദ്ദേഹം ചൂണ്ടികാണിച്ചു. സിഡ്നിയിലെ ന്യൂ സൗത്ത് വെയിൽസിൽ വെച്ച് പാർലമെൻ്റ് അംഗങ്ങളുമായും ഇന്ത്യൻ സമൂഹവുമായുംശ്രീ.ജയ്ശങ്കർ കൂടിക്കാഴ്ച നടത്തി.

(വോയിസ്)

ഇരു രാജ്യങ്ങളും തമ്മിലുള്ള പങ്കാളിത്തം ഊർജസ്വലമാക്കുന്നതിൽ ഇന്ത്യൻ സമൂഹം നൽകിയ സജീവ സംഭാവനകൾക്ക് അദ്ദേഹം നന്ദി പറഞ്ഞു.

&&&&&&&&&&&&&&&&&&

**MEETING-ZAMBIA-INDIA**

സാംബിയയിലെ ലുസാക്കയിൽ നടന്ന ഇന്ത്യ-സാംബിയ ജോയിൻ്റ് പെർമനൻ്റ് കമ്മിഷൻ്റെ ആറാമത്തെ സെഷനിൽ വിദേശകാര്യ സഹമന്ത്രി കീർത്തി വർധൻ സിംഗും, സാംബിയ വിദേശകാര്യ മന്ത്രി മുലാംബോ ഹൈംബെയും പങ്കെടുത്തു. കൃഷി, വിദ്യാഭ്യാസം, ഊർജം, തുടങ്ങിയ മേഖലകളിലെ സഹകരണം ഇരു നേതാക്കളും അവലോകനം ചെയ്തു. ഇന്ത്യ-സാംബിയ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള പ്രതിബദ്ധതയും ഇരുവരും ആവർത്തിച്ചു. സാംബിയയിൽ നിലനിൽക്കുന്ന വരൾച്ചയിൽ ആശങ്ക പ്രകടിപ്പിച്ച ഇന്ത്യ, 2,500 മെട്രിക് ടൺ ചോളം സഹായമായി നൽകുമെന്നും അറിയിച്ചു.

&&&&&&&&&&&&&&&&&&

**NITI-MSME**

രാജ്യത്തെ മൊത്തം കയറ്റുമതിയിൽ 40 ശതമാനത്തോളം സംഭാവന ചെയ്യുന്നത് സൂക്ഷ്മ, ചെറുകിട, ഇടത്തരം

വ്യവസായ മേഖലയാണെന്ന് നിതി ആയോഗ് മേധാവി ബിവിആർ സുബ്രഹ്മണ്യം. മൂലധനം, സാങ്കേതികവിദ്യ തുടങ്ങിയവയിൽ MSME മേഖല നേരിടുന്ന വെല്ലുവിളികൾ പ്രതിരോധിക്കാനുള്ള പ്രവർത്തനങ്ങൾ നിതി ആയോഗ് നടത്തി വരുന്നതായും ന്യൂഡൽഹിയിൽ ഒരു പരിപാടിയെ അഭിസംബോധന ചെയ്യവേ അദ്ദേഹം വ്യക്തമാക്കി. തൊഴിൽ ചെയ്യാൻ പ്രാപ്തരായവരുടെ ഉയർന്ന ജനസംഖ്യ ഇന്ത്യയുടെ സാമ്പത്തിക വളർച്ചയ്ക്ക് ആക്കം കൂട്ടുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&&

## RAILWAYS SPECIAL TRAINS

ഉത്സവ സീസണിൽ തിരക്ക് കുറക്കാനും സുഗമമായ യാത്ര ഉറപ്പാക്കുന്നതിനുമായി ഇന്ത്യൻ റെയിൽവേ ഏർപ്പെടുത്തിയ പ്രത്യേക ട്രെയിൻ സർവീസുകൾ തുടരുന്നു. നാളെ മുതൽ അനുവദിച്ച 164 പ്രത്യേക ട്രെയിനുകൾ ഉൾപ്പടെ അടുത്ത മൂന്ന് ദിവസം 476 ട്രെയിനുകൾ സർവീസ് നടത്തും. റെയിൽവേ സ്റ്റേഷനുകളിൽ യാത്രക്കാരുടെ തിരക്ക് നിയന്ത്രിക്കാൻ റെയിൽവേ സംരക്ഷണ സേനയെയും സന്നദ്ധപ്രവർത്തകരെയും വിന്യസിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## HIGH COURT

മാധ്യമങ്ങളുടെ സ്വാതന്ത്ര്യം നിയന്ത്രിക്കാനാവില്ലെന്നും അഭിപ്രായസ്വാതന്ത്ര്യം ഭരണഘടനാപരമായ

അവകാശമാണെന്നും കേരള ഹൈക്കോടതി. അഭിഭാഷകരും, മാധ്യമപ്രവർത്തകരും തമ്മിൽ ഏതാനും വർഷങ്ങൾക്ക് മുൻപുണ്ടായ സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ നൽകിയ ഒരു കൂട്ടം ഹർജികൾ പരിഗണിക്കുകയായിരുന്നു

ഹൈക്കോടതി. മാധ്യമപ്രവർത്തനത്തിന് മാർഗനിർദേശം വേണമെന്ന ആവശ്യവും ഹൈക്കോടതി തള്ളി. മാധ്യമങ്ങൾ സ്വയം നിയന്ത്രിച്ച് മുന്നോട്ടു പോകണം എന്ന് കോടതി ആവശ്യപ്പെട്ടു.

&&&&&&&&&&&&&&&&&&

## HEMA COMMITTEE

ഹേമ കമ്മിറ്റി റിപ്പോർട്ടുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി അമിക്കസ് ക്യൂറിയെ നിയമിച്ച് കേരള ഹൈക്കോടതി. അഡ്വക്കേറ്റ് മിത സുധീന്ദ്രനെയാണ് അമിക്കസ് ക്യൂറിയായി നിയോഗിച്ചത്. കമ്മിറ്റി റിപ്പോർട്ടും, സംസ്ഥാന സർക്കാർ കൊണ്ടുവരാൻ ഉദ്ദേശിക്കുന്ന കരട് നിയമവും, മറ്റ് നിർദ്ദേശങ്ങളും അമിക്കസ് ക്യൂറി ഏകോപിപ്പിക്കും.

&&&&&&&&&&&&&&&&&&

## INDIAN CONSULAR CAMPS (intro)

കാനഡയിലെ ടൊറൻ്റോയിൽ ഇന്ത്യൻ പൗരന്മാർക്കായ് മുൻകൂട്ടി നിശ്ചയിച്ചിരുന്ന കോൺസുലാർ ക്യാമ്പുകൾ റദ്ദാക്കിയതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു. കനേഡിയൻ അധികൃതരിൽ നിന്ന് ക്യാമ്പുകൾക്ക് മതിയായ സുരക്ഷ ലഭിക്കാത്തതിനാലാണ് തീരുമാനമെന്നും എന്നാൽ മറ്റ് സ്ഥലങ്ങളിലെ ക്യാമ്പുകൾ തുടരുമെന്നും വിദേശകാര്യ മന്ത്രാലയ വക്താവ് രൺധീർ ജയ്സ്വാൾ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

(വോയിസ്)

അടുത്തിടെ ബ്രാംപ്ടണിലെ ഹിന്ദു ക്ഷേത്രത്തിന് പുറത്ത് നടന്ന ആക്രമണത്തിന് ഉത്തരവാദികളായവർക്കെതിരെ. കാനഡ ശക്തമായ നടപടി സ്വീകരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

&&&&&&&&&&&&&&&&&&

**JHARKHAND + MAHARASHTRA**

ഝാർഖണ്ഡിലും മഹാരാഷ്ട്രയിലും നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ഊർജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. മഹാരാഷ്ട്രയിൽ, പ്രധാനമന്ത്രിയും, മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്ര മോദി നാളെ മുതൽ ഈ മാസം 14 വരെ തിരഞ്ഞെടുപ്പ് പ്രചാരണങ്ങളിൽ പങ്കെടുക്കും. വരും ദിവസങ്ങളിൽ കോൺഗ്രസ്

നേതാക്കളായ മല്ലികാർജ്ജുൻ ഖർഗെ, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി തുടങ്ങിയവരും സംസ്ഥാനത്ത് പ്രചാരണത്തിന് എത്തും. ഝാർഖണ്ഡിൽ എൻ ഡി എ തിരഞ്ഞെടുപ്പ് റാലിയിൽ കേന്ദ്രമന്ത്രിയും ബി ജെ പി നേതാവുമായ ശിവ് രാജ് സിങ്ങ് ചൗഹാൻ പങ്കെടുത്തു. മുതിർന്ന J.M.M നേതാവും മുഖ്യമന്ത്രിയുമായ ഹേമന്ത് സോറെൻ ജഗന്നാഥ് പൂരിൽ നടന്ന പ്രചാരണ പരിപാടിയിൽ സംബന്ധിച്ചു.

&&&&&&&&&&&&&&&&&&

**KERALA ELECTION**

കേരളത്തിൽ ഉപതിരഞ്ഞെടുപ്പ് പ്രചാരണം ഊർജ്ജിതമായി തുടരുന്നു.വയനാട്ടിൽ പ്രിയങ്ക ഗാന്ധിയുടെ പ്രചാരണത്തിനായി ഇന്ന് കോൺഗ്രസ് ദേശീയ അധ്യക്ഷൻ മലികാർജുൻ ഖാർഗെ മണ്ഡലത്തിലെത്തും. ഒളിമ്പ്യനും ഹരിയാന നിയമസഭയിലെ കോൺഗ്രസ് എം.എൽ.എയുമായ വിനേഷ് ഫോഘട്ടും പരിപാടിയിൽ പങ്കെടുക്കും. എൽ.ഡി.എഫ് സ്ഥാനാർത്ഥി സത്യൻ മൊകേരിയുടെ പ്രചാരണം ഇന്ന് തിരുവമ്പാടി മണ്ഡലത്തിലാണ്. എൻഡിഎ സ്ഥാനാർത്ഥി നവ്യ ഹരിദാസിൻറെ പ്രചാരണത്തിനായി കേന്ദ്രമന്ത്രി സുരേഷ് ഗോപിയും മുൻ കേന്ദ്രമന്ത്രി വി മുരളീധരനും വരും ദിവസങ്ങളിൽ മണ്ഡലത്തിൽ എത്തും. ചേലക്കര, പാലക്കാട് നിയമസഭാ മണ്ഡലങ്ങളിലും സ്ഥാനാർത്ഥികൾ പ്രചാരണം ഊർജ്ജിതമായി തുടരുകയാണ്.

&&&&&&&&&&&&&&&&&&

## GEORGE KURIYAN

ഫിഷറീസ്, അക്വാകൾച്ചർ രംഗത്തെ ഡ്രോൺ സാങ്കേതിക വിദ്യയുടെ പ്രയോഗം സംബന്ധിച്ച് കൊച്ചി സി എം എഫ് ആർ ഐ സംഘടിപ്പിക്കുന്ന ശില്പശാല കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നാളെ ഉദ്ഘാടനം ചെയ്യും. പ്രമുഖ ശാസ്ത്രജ്ഞർ, ഫിഷറീസ് ഉദ്യോഗസ്ഥർ, മത്സ്യത്തൊഴിലാളികൾ തുടങ്ങിയവർ പരിപാടിയിൽ പങ്കെടുക്കും. കേന്ദ്ര ഫിഷറീസ് വകുപ്പും, ഹൈദരാബാദിലെ നാഷണൽ ഫിഷറീസ് ഡെവലപ്മെൻ്റ് ബോർഡും ചേർന്നാണ് ശിൽപശാല സംഘടിപ്പിക്കുന്നത്.

&&&&&&&&&&&&&&&&&&

## SCHOOL SPORTS

സംസ്ഥാന സ്കൂൾ കായികമേളയിൽ 'ഗെയിംസിലും അക്വാട്ടിക്സിലും വ്യക്തമായ ആധിപത്യം പുലർത്തി തിരുവനന്തപുരം ജില്ല. ഗെയിംസിൽ 404 മത്സരങ്ങൾ പൂർത്തിയായപ്പോൾ തിരുവനന്തപുരത്തിന് 117 സ്വർണവും 77 വെള്ളിയും 90 വെങ്കലവും ഉൾപ്പെടെ 1000 പോയിന്റാണുള്ളത്. കണ്ണൂർ രണ്ടാം സ്ഥാനത്തും തൃശൂർ മൂന്നാം സ്ഥാനത്തുമാണുള്ളത്. അക്വാട്ടിക്സിൽ 551 പോയിന്റോടെയാണ് തിരുവനന്തപുരം ആധിപത്യം

ഉറപ്പിക്കുന്നത്. അത്‌ലറ്റിക്സിൽ പാലക്കാട് ജില്ലയാണ് ഒന്നാം സ്ഥാനത്ത്.

&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&

&&&&

&&&

&&

&